REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 10-01-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **അന്തരിച്ച ഭാവഗായകൻ P. ജയചന്ദ്രന്റെ ഭൗതികദേഹം തൃശൂർ റീജണൽ തീയറ്ററിൽ പൊതുദർശനത്തിന് വെച്ചിരിക്കുന്നു - അന്ത്യഞ്ജലി അർപ്പിച്ച് ആയിരങ്ങൾ.**
- **18-ാമത് പ്രവാസി ഭാരതീയ ദിവസ് സമാപന സമ്മേളനത്തിൽ ഭുവനേശ്വറിൽ വൈകിട്ട് രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും.**
- **ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കുമായി പുതിയ വന്ദേഭാരത് ട്രെയിൻ സർവീസ് ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് .**
- **സുഗതകുമാരിയുടേത് പ്രകൃതിസംരക്ഷണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായി സമർപ്പിച്ച ജീവിതമായിരുന്നുവെന്ന് കേന്ദ്ര സഹമന്ത്രി ഡോ. എൽ. മുരുഗൻ.**
- **എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിന് ഇന്ന് കിക്കോഫ്.**

## വാർത്തകൾ വിശദമായി

ഇന്നലെ രാത്രി അന്തരിച്ച ഭാവഗായകൻ P. ജയചന്ദ്രന്റെ ഭൗതികദേഹം തൃശ്ശൂർ പൂങ്കുന്നം തറവാട്ടിൽ പൊതുദർശനത്തിന് വെച്ച ശേഷം തൃശൂർ സംഗീത നാടക അക്കാദമിയുടെ റീജണൽ തീയറ്ററിൽ പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്. ആയിരങ്ങളാണ് അന്ത്യഞ്ജലി അർപ്പിക്കാൻ എത്തുന്നത്.

സംസ്കാരം നാളെ വൈകിട്ട് മൂന്നരയ്ക്ക് പറവൂർ ചേന്ദമംഗലം പാലിയത്ത് തറവാട് ശ്മശാനത്തിൽ നടത്തും.

ഡെസ്ക് റിപ്പോർട്ട് ............

.......വോയ്സ് ......

സ്നേഹിക്കാനും പ്രണയിക്കാനും വിരഹത്തിൽ മനസ്സിനെ തരളിതമാക്കാനും ഒരുപാട് പാട്ടുകൾ സമ്മാനിച്ചാണ് ജയേട്ടനെന്ന P.ജയചന്ദ്രൻ ഭൗതികമായെങ്കിലും മലയാളത്തെ വിട്ടുപിരിഞ്ഞത്. അറുപത് വർഷത്തിനിടെ പാടി തീർത്ത ഒരായിരം മധുര ഗാനങ്ങളിലൂടെ അദ്ദേഹം മരണത്തെ മറികടന്നു കഴിഞ്ഞു. ആലപിച്ച ഏതെങ്കിലുമൊരു ഗാനത്തിന്റെ പേരിൽ അറിയപ്പെടുന്നവർക്ക് പഞ്ഞമില്ലാത്ത ഈ ലോകത്ത് പാടിയതിൽ പതിരായി മാറിയ ഗാനങ്ങൾ ഇല്ലെന്നുതന്നെ പറയാവുന്ന അപൂർവം ചിലരിൽ ഒരാളാണ് ജയചന്ദ്രൻ. ചലച്ചിത്രഗാനങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല ഈ ഭാവഗായകന്റെ സംഗീത ജീവിതം. ദൂരദർശനു വേണ്ടി അദ്ദേഹം ആലപിച്ച 'ഒന്നിനി ശ്രുതി താഴ്ത്തി പാടുക പൂങ്കുയിലേ', 'സ്മൃതിതൻ ചിറകിലേറി' ഞാനെൻ,' തുടങ്ങിയ ഗാനങ്ങളും ജയദേവ കവിയുടെ ഗീതികൾ കേട്ടെന്റെ രാധേ ഉറക്കമായോ തുടങ്ങിയ ആകാശവാണി ലളിതഗാനങ്ങളും സിനിമാപാട്ടുകളെ പോലെതന്നെ ജനപ്രിയങ്ങളാണ്.

✪✪✪

P.ജയചന്ദ്രന്റെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അഗാധമായ ദുഃഖം അറിയിച്ചു. വിവിധ ഭാഷകളിലെ അദ്ദേഹത്തിന്റെ ഭാവതീവ്രമായ ആലാപനങ്ങൾ വരും തലമുറകളുടെയും ഹൃദയങ്ങളെ സ്പർശിക്കുമെന്ന് മോദി സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

✪✪✪

ഭുവനേശ്വറിലെ ജനതാ മൈതാനിയിൽ 18-ാമത് പ്രവാസി ഭാരതീയ ദിവസ് സമാപന സമ്മേളനത്തിൽ വൈകിട്ട് രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുക്കും. പ്രവാസി ഭാരതീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ചടങ്ങിൽ സമ്മാനിക്കും.

കേന്ദ്ര ഗവണ്മെന്റും ഒഡീഷ ഗവൺമെന്റും സംയുക്തമായി സംഘടിപ്പിച്ച മൂന്ന് ദിവസത്തെ കൺവൻഷൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ഔപചാരികമായി ഉദ്ഘാടനം ചെയ്തിരുന്നു.

✪✪✪

വികസിത് ഭാരത് യംഗ് ലീഡേഴ്സ് ഡയലോഗ് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. വികസിത് ഭാരതിന് നൂതനമായ പരിഹാരങ്ങൾ അവതരിപ്പിക്കുന്നതിന് യുവാക്കൾക്ക് സവിശേഷമായ പ്ലാറ്റ്ഫോം ഒരുക്കുക എന്നതാണ് മൂന്ന് ദിവസത്തെ പരിപാടിയുടെ ലക്ഷ്യമെന്ന് യുവജനകാര്യ, കായിക മന്ത്രാലയം അറിയിച്ചു.

കേരളത്തിൽ നിന്ന് 39 പേർ ഉൾപ്പെടെ മൂവായിരം യുവാക്കളെയാണ് ഡയലോഗിൽ പങ്കെടുക്കാൻ തിരഞ്ഞെടുത്തത്.

✪✪✪

കേന്ദ്രീയ വിദ്യാലയങ്ങൾക്കായി 2023-24 ൽ സംഘടിപ്പിച്ച 34-ാമത് ദേശീയ യൂത്ത് പാർലമെന്റ് മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ കേന്ദ്ര മന്ത്രി കിരൺ റിജിജു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കേന്ദ്രീയ വിദ്യാലയ സംഘ്ദാന്റെ 25 മേഖലകളിലെ 150 ഓളം കേന്ദ്രീയ വിദ്യാലയങ്ങൾ മത്സരത്തിൽ പങ്കെടുത്തതായി പാർലമെന്ററി കാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ഇടത്തരക്കാർക്കും താഴ്ന്ന വരുമാനക്കാർക്കും മികച്ച യാത്രാസൗകര്യങ്ങൾ ലഭ്യമാക്കുന്ന പുതിയ വന്ദേഭാരത് ട്രെയിൻ സർവീസ് ഉടൻ ആരംഭിക്കുമെന്ന് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. ചെന്നൈയിലെ ഇന്റഗ്രൽ കോച്ച് ഫാക്ടറി സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തിയശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സാധാരണക്കാർക്കായി ലോകോത്തര ട്രെയിൻ സൗകര്യങ്ങളെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ കാഴ്ചപ്പാട് പ്രാവർത്തികമാക്കുന്നതാണ് അമൃത് ഭാരത് 2.O പദ്ധതിയെന്ന് അശ്വിനി വൈഷ്ണവ് ചെന്നൈയിൽ പറഞ്ഞു.

യാത്രക്കാരുടെ സൗകര്യത്തിനും സുരക്ഷയ്ക്കുമായി 12 പ്രധാന മാറ്റങ്ങൾ അമൃത് ഭാരത് ട്രെയിൻ കോച്ചുകളിൽ നടത്തിയ നവീകരണത്തിലൂടെ ലഭ്യമാകുമെന്ന് അദ്ദേഹം പറഞ്ഞു. രണ്ട് വർഷത്തിനുള്ളിൽ കുറഞ്ഞ വരുമാനക്കാർക്കായി 50 പുതിയ ട്രെയിനുകൾ അവതരിപ്പിക്കുന്ന പദ്ധതിയും കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു.

മോഡുലാർ ടോയ്‌ലറ്റുകൾ, എമർജൻസി സംവിധാനങ്ങൾ, അഗ്നിരക്ഷാ സംവിധാനങ്ങൾ, മൊബൈൽ ഹോൾഡറുകൾ എന്നിവ ഉൾക്കൊള്ളുന്ന വന്ദേ ഭാരത് ട്രെയിനുകളുടെ നവീകരിച്ച കോച്ചുകൾ കേന്ദ്രമന്ത്രി അനാവരണം ചെയ്തു.

✪✪✪

ആഭ്യന്തര സുരക്ഷയുടെയും പൊലീസിങ്ങിന്റേയും വെല്ലുവിളികൾ നേരിടാൻ ഇന്ത്യൻ പോലീസ് സേനയെ സ്മാർട്ട് സേനകളാക്കി മാറ്റാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തര മന്ത്രി അമിത്ഷാ പറഞ്ഞു. ന്യൂഡൽഹിയിലെ ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്ൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കു കയായിരുന്നു അദ്ദേഹം.

✪✪✪

മഹാകുംഭ് 2025-ന് സമർപ്പിച്ച, ആകാശവാണിയുടെ കുംഭവാണി ചാനൽ ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ആരംഭിച്ചു. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ചാനൽ ഉദ്ഘാടനം ചെയ്തു.

കുംഭവാണി റേഡിയോ സ്റ്റേഷന്റെ പ്രയാഗ് രാജിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി L മുരുഗൻ കൊല്ലം അമൃതപുരിയിൽ നിന്ന് ഓൺലൈനായി പങ്കെടുത്തു.

മഹാകുംഭ് 2025-ന്റെ വിപുലമായ കവറേജിനായി ഹെലികാമുകൾ ഉപയോഗിക്കുമെന്ന് ചടങ്ങിൽ പ്രസാർ ഭാരതി ചെയർമാൻ നവനീത് കുമാർ സെഹ്ഗാൾ പറഞ്ഞു.

✪✪✪

സുഗതകുമാരിയുടേത് പ്രകൃതിസംരക്ഷണത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായി സമർപ്പിച്ച ജീവിതമായിരുന്നുവെന്ന് കേന്ദ്ര സഹമന്ത്രി എൽ. മുരുകൻ പറഞ്ഞു. സുഗത നവതിയുടെ ഭാഗമായി ആവണീശ്വരം പദ്മനാഭപിള്ള മെമ്മോറിയൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ സുഗതസൂക്ഷ്മവനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാലാവസ്ഥാ വ്യതിയാന പ്രതിരോധം, ജൈവവൈവിധ്യ സംരക്ഷണം എന്നിവ ലക്ഷ്യമിട്ട് കേന്ദ്ര ഗവൺമെന്റ് നടത്തുന്ന വിവിധ പദ്ധതികൾ ഫലം കാണുന്നതായി കണക്കുകൾ വ്യക്തമാക്കുന്നുവെന്നും എൽ. മുരുകൻ പറഞ്ഞു. സുഗതവനം സൂക്ഷ്മവനം ആശയത്തിന്റെ ഭാഗമായി സ്കൂൾ അങ്കണത്തിൽ മന്ത്രി വൃക്ഷത്തൈ നട്ടു. സുഗത നവതി ആഘോഷത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസ അർഹിക്കുന്നുവെന്നും മന്ത്രി പറഞ്ഞു.

✪✪✪

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന് വിജ്ഞാപനം പുറത്തിറങ്ങി. വിജ്ഞാപനം പുറപ്പെടുവിച്ചതോടെ ദേശീയ തലസ്ഥാനത്തെ 70 സീറ്റുകളിലേക്ക് നാമനിർദ്ദേശ പത്രികാ സമർപ്പണ നടപടികൾ ആരംഭിച്ചു. ഈ

മാസം 17 വരെ സ്ഥാനാർത്ഥികൾക്ക് നാമനിർദ്ദേശ പത്രിക സമർപ്പിക്കാം. ഈ മാസം 20 ആണ് പത്രിക പിൻവലിക്കുന്നതിന് അവസാന തീയതി

വോട്ടെടുപ്പ് അടുത്ത മാസം അഞ്ചിനും, വോട്ടെണ്ണൽ എട്ടിനും നടക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ ട്രിപ്പിൾ ആർ ചാമ്പ്യൻ എന്ന് വിശേഷിപ്പിച്ച കോഴിക്കോട് ഒളവണ്ണ സ്വദേശി സുബ്രഹ്മണ്യന് റിപ്പബ്ലിക് ദിനാഘോഷത്തോട് അനുബന്ധിച്ച് രാഷ്ട്രപതി ഭവനിൽ നടക്കുന്ന പരിപാടിയിലേക്ക് ക്ഷണം ലഭിച്ചു. പോസ്റ്റൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ വീട്ടിലെത്തി കത്ത് നേരിട്ട് കൈമാറി. കസേര മെടയൽ ജോലിയായി സ്വീകരിച്ച് പുനരുപയോഗത്തിലെ പാഠങ്ങൾ പുതു തലമുറയ്ക്ക് പകർന്ന് നൽകി മാതൃകാപരമായ പ്രവർത്തനം നടത്തുന്ന സുബ്രമണ്യനെയാണ് പ്രധാനമന്ത്രി മൻ കി ബാത്തിൽ പ്രതിപാദിച്ചത്.

✪✪✪

പൊതുമേഖലയിൽ സംസ്ഥാനത്തെ ആദ്യ സംയോജിത പ്ലാസ്റ്റിക് പാഴ് വസ്തു സംസ്കരണ ഫാക്ടറിയായ ഗ്രീൻ പാർക്ക് തിരുവല്ല കുന്നന്താനം കിൻഫ്ര പാർക്കിൽ വൈകിട്ട് പ്രവർത്തനം ആരംഭിക്കും. മന്ത്രി MB.രാജേഷ് ഉദ്ഘാടനം ചെയ്യും.

ജില്ലാ പഞ്ചായത്തും തദ്ദേശ സ്ഥാപനങ്ങളും ക്ലീൻ കേരള കമ്പനിയും സംയുക്തമായാരംഭിച്ച പദ്ധതിയിൽ എട്ടു കോടി രൂപ ചെലവഴിച്ചാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയത്. ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കൾ തദ്ദേശ സ്ഥാപനതലത്തിൽ തരംതിരിച്ച് പുനഃചക്രമണ യോഗ്യമായവ കുന്നന്താനം കിൻഫ്രാ പാർക്കിലെ സംയോജിത പ്ലാസ്റ്റിക്ക് പാഴ് വസ്തു സംസ്ക്കരണ കേന്ദ്രത്തിൽ എത്തിച്ച് ഗ്രാനുൾസ് ഉല്പാദിപ്പിക്കുന്നതാണ് പദ്ധതി.

✪✪✪

സംസ്ഥാന പുരാരേഖാ വകുപ്പിന് കീഴിൽ സജ്ജീകരിച്ച കണ്ണൂർ ജില്ലാ സയൻസ് പാർക്കിലെ നവീകരിച്ച പൈതൃക കേന്ദ്രം പ്രദർശന ശാല മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി അൽപ സമയത്തിനകം ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനത്തിന്റെ ഭാഗമായി 'ചരിത്ര നിർമ്മിതി പുരാരേഖകളിലൂടെ' എന്ന വിഷയത്തിൽ നടക്കുന്ന സെമിനാറിൽ ശ്രീശങ്കരാചാര്യ സർവകലാശാല റിട്ട. അസോസിയേറ്റ് പ്രൊഫസർ ഡോ. എംടി നാരായണൻ വിഷയം അവതരിപ്പിക്കും.

✪✪✪

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ നാട്ടിലെയും വിദേശത്തെയും കമ്പനികളെ പങ്കെടുപ്പിച്ച് നടത്തുന്ന രണ്ടു ദിവസത്തെ ഗ്ലോബൽ ജോബ് ഫെയർ നാളെ ആരംഭിക്കും. ഇതുവരെ ഒമ്പതിനായരത്തിലേറെ ഉദ്യോഗാർഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

.......വോയ്സ്.....

മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന ജോബ് ഫെയറിൽ രണ്ടായിരത്തോളം തൊഴിലവസരങ്ങൾ ഉണ്ടാകും. തൊഴിലധിഷ്ഠിത എക്സ്പോ, എജ്യുക്കേഷൻ ആൻഡ് കരിയർ ഫെസ്റ്റിവൽ, ആഗോള തൊഴിൽ വിപണി പരിചയപ്പെടുത്തുന്ന സ്റ്റാളുകൾ, പ്രസന്റേഷനുകൾ, കോർപ്പറേറ്റ് മേഖലയിലെ പ്രമുഖരുമായി മുഖാമുഖം, വിദേശങ്ങളിൽ തൊഴിലിനൊപ്പം ഉപരിപഠനവും ആഗ്രഹിക്കുന്നവർക്കുള്ള മാർഗനിർദ്ദേശങ്ങൾ ഉൾപ്പെടെ വിവിധ സെഷനുകളും ഫെയറിന്റെ ഭാഗമായി നടക്കും. ഫിനാൻസ്, അഡ്മിനിസ്ട്രേഷൻ, സെയിൽസ് ആൻഡ് മാർക്കറ്റിംഗ്, എജ്യൂക്കേഷൻ, ഹെൽത്ത് കെയർ, ഹോസ്പിറ്റാലിറ്റി, റീടെയിൽ, ഫുഡ് പ്രോസസിങ്, തുടങ്ങി നിരവധി മേഖലയിലെ തൊഴിലവസരങ്ങൾ ജോബ് ഫെയറിലൂടെ സാധ്യമാക്കും. കണ്ണൂരിനു പുറമെ വിവിധ ജില്ലകളിൽ നിന്നുള്ള ഉദ്യോഗാർഥികളും മേളയിൽ പങ്കെടുക്കും. നാളെ രാവിലെ കെ സുധാകരൻ എം.പി മേള ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച വൈകിട്ട് നടക്കുന്ന സമാപന സമ്മേളനത്തിന്റെ ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവ്വഹിക്കും .

✪✪✪

എട്ടാമത് ഇന്ത്യൻ വനിതാ ഫുട്ബാൾ ലീഗിന് ഇന്ന് കിക്കോഫ്.

ആദ്യ മത്സരത്തിൽ ഉച്ചകഴിഞ്ഞ് 2-30 ന് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ, FC കർണാടകയെ നേരിടും.

രണ്ടാം മത്സരത്തിൽ വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ ഗോകുലം കേരള FC, നിലവിൽ ചാമ്പ്യൻമാരായ ഒഡിഷ FC യുമായി മത്സരിക്കും.

✪✪✪

ഇന്ത്യ-അയർലൻഡ് ഏകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ബാറ്റിംഗ് തെരഞ്ഞെടുത്ത അയർലൻഡിന് 4 വിക്കറ്റ് നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അയർലൻഡ് 19 ഓവറിൽ 76 റൺസെടുത്തു.

✪✪✪

സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ കാലിക്കറ്റ് ട്രെയിനിങ് സെന്ററിലെ മുൻകാല കായികതാരങ്ങളുടെ സംഘടനയായ അലുംമ്നി ഓഫ് സായി കാലിക്കറ്റിന്റെ 'കളിക്കളത്തിന് ഒരു കൈത്താങ്ങ്' പദ്ധതിയുടെ രണ്ടാമത്തെ പരിപാടി നാളെ കോഴിക്കോട് VK കൃഷ്ണ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. പതിനഞ്ചോളം കായിക പരിശീലന കേന്ദ്രങ്ങൾക്ക് പരിപാടിയുടെ ഭാഗമായി ഉപകരണങ്ങൾ വിതരണം ചെയ്യും. M K രാഘവൻ MP ഉദ്ഘാടനം ചെയ്യും.

✪✪✪

ISL ഫുട്ബാളിൽ ഒഡീഷ FC തിങ്കളാഴ്ച കേരള ബ്ലാസ്റ്റേഴ്സുമായി ചെന്നൈയിൽ ഏറ്റുമുട്ടും. ചെന്നൈയിൻ FC ബുധനാഴ്ച്ച മുഹമ്മദൻ S.C യുമായും മത്സരിക്കും.

✪✪✪

സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ കരട് വാർഡ് വിഭജന നിർദ്ദേശങ്ങൾ സംബന്ധിച്ച പരാതികളിൽ ജില്ലാതല ഹീയറിംഗ് ഈ മാസം 16 മുതൽ ഫെബ്രുവരി 22 വരെ നടത്തും. ഹീയറിംഗ് ജനുവരി 16ന് പത്തനംതിട്ടയിൽ ആരംഭിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ കൂടിയായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

✪✪✪

അന്തരിച്ച CPIM നേതാവ് MM ലോറൻസിന്റെ മൃതദേഹം മെഡിക്കൽ കോളേജ് പഠനത്തിന് വിട്ട് നൽകണമെന്ന ഹൈക്കോടതി ഉത്തരവിനെതിരെ മകൾ ആശ ലോറൻസ് സുപ്രീം കോടതിയിൽ അപ്പീൽ നൽകി. രാഷ്ട്രീയതീരുമാനമെന്ന് കാണിച്ച് CPIM നെ എതിർകക്ഷി ചേർത്താണ് അപ്പീലെന്ന് റിപ്പോർട്ടുകൾ പറയുന്നു.

✪✪✪

രണ്ടാമത് പ്രിയദർശിനി സാഹിത്യ പുരസ്കാരത്തിന് പ്രമുഖ നിരൂപക പ്രൊഫ. M. ലീലാവതിയെ തിരഞ്ഞെടുത്തതായി പ്രിയദർശിനി പബ്ലിക്കേഷൻസ് ചെയർമാൻ K. സുധാകരൻ എം.പി. അറിയിച്ചു. ഒരു ലക്ഷം രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

മതമൈത്രിയുടെ പ്രതീകമായ എരുമേലി ചന്ദനക്കുട ഘോഷയാത്ര ഇന്ന്. നാളെയാണ് അമ്പലപ്പുഴ ആലങ്ങാട് പേട്ടതുള്ളൽ. ഇന്ന് വൈകിട്ട് നൈനാർ

മസ്ജിദ് ഓഡിറ്റോറിയത്തിൽ അമ്പലപ്പുഴ ആലങ്ങാട് സംഘങ്ങളുടെ സൗഹൃദ സംഗമം നടക്കും.

ചന്ദനക്കുട ഘോഷയാത്രക്കു മുന്നോടിയായ സമ്മേളനം മന്ത്രി VN വാസവൻ ഉദ്ഘാടനം ചെയ്യും. മന്ത്രി റോഷി അഗസ്റ്റിൻ ഘോഷയാത്ര ഫ്ലാഗ് ഓഫ് ചെയ്യും. നൈനാർ പള്ളിയിൽ നിന്ന് ആരംഭിക്കുന്ന ചന്ദനക്കുട ഘോഷയാത്രക്ക് എരുമേലി ധർമ്മശാസ്താ ക്ഷേത്രത്തിലും പേട്ട ശാസ്താ ക്ഷേത്രത്തിലും സ്വീകരണം നൽകും.

നാളെ ഉച്ചയോടെയാണ് അമ്പലപ്പുഴ സംഘത്തിന്റെ പേട്ട തുള്ളൽ തുടങ്ങുന്നത്. സംഘത്തിന് നൈനാർ മസ്ജിദിൽ മഹല്ല് മുസ്ലീം ജമാഅത്തിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകും. ഉച്ചകഴിഞ്ഞാണ് ആലങ്ങാട് സംഘത്തിന്റെ പേട്ടതുള്ളൽ.

✪✪✪

ഉപഭോക്താക്കളുടെ ആരോഗ്യത്തിന് ഭീഷണിയാകുന്ന വിധത്തിൽ രാസപദാർഥങ്ങൾ മത്സ്യവിഭവങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്ന ഇക്കാലത്ത് ഗുണനിലവാരം കാത്തുസൂക്ഷിക്കുന്ന സുരക്ഷിത മത്സ്യവും മത്സ്യ വിഭവങ്ങളുമാണ് അന്തിപ്പച്ച മൊബൈൽ യൂനിറ്റ് വഴി വിതരണം ചെയ്യുന്നതെന്ന് മന്ത്രി K രാജൻ പറഞ്ഞു.

കോഴിക്കോട് കുന്ദമംഗലം മണ്ഡലത്തിൽ, മത്സ്യഫെഡ് അന്തിപ്പച്ച മൊബൈൽ വിപണന യൂനിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇന്ത്യൻ സൊസൈറ്റി ഓഫ് സ്പൈസസിന്റെ നേതൃത്വത്തിൽ കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ സ്ഥാപനത്തിൽ സംഘടിപ്പിച്ച മൂന്നു ദിവസത്തെ ദേശീയ സിമ്പോസിയം സമാപിച്ചു.

സുഗന്ധവിളകളെയും അവയുടെ ഉല്പാദന, വിനിയോഗ, ഉത്പന്ന വൈവിധ്യങ്ങളെയും കുറിച്ച് ഇരുന്നൂറോളം വിഷയങ്ങൾ സിമ്പോസിയത്തിൽ അവതരിപ്പിച്ചു.

✪✪✪

നടി ഹണി റോസിനെതിരായ ലൈംഗികാധിക്ഷേപ കേസിൽ റിമാൻഡിൽ കഴിയുന്ന വ്യവസായി ബോബി ചെമ്മണ്ണൂർ ഇന്ന് ജാമ്യാപേക്ഷ നൽകും. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതിയിലാണ് ജാമ്യാപേക്ഷ നൽകുന്നത്.

✪✪✪

കഴിഞ്ഞ ബുധനാഴ്ച ശ്രീലങ്കൻ നാവികസേന കസ്റ്റഡിയിലെടുത്ത 10 ഇന്ത്യൻ മത്സ്യത്തൊഴിലാളികളെ മോചിപ്പിക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് പുതുച്ചേരി മുഖ്യമന്ത്രി N.രംഗസാമി കേന്ദ്ര വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കറിന് കത്തയച്ചു. മത്സ്യത്തൊഴിലാളികളുടെ മടങ്ങിവരവ് സുഗമമാക്കുന്നതിന് ശ്രീലങ്കൻ ഗവണ്മെന്റുമായി മുൻഗണനാടിസ്ഥാനത്തിൽ ഇടപെടണമെന്ന് രംഗസാമി വിദേശകാര്യ മന്ത്രിയോട് അഭ്യർത്ഥിച്ചു.

പുതുച്ചേരിയിലെ കാരക്കൽ ജില്ലക്കാരായ നാലുപേരും തമിഴ്നാട്ടിലെ ആറുപേരുമാണ് മത്സ്യബന്ധനത്തിനിടെ ശ്രീലങ്കൻ നാവികസേനയുടെ പിടിയിലായത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader : നിമിഷ ജി*
*DEO : സുബോധ് സി കെ*